## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1237** **06.03.2018 ൽ മറുപടിയ്ക്ക്**

**ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ നിലവിൽ എന്തൊക്കെ പദ്ധതികൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ; | എ) ജൈവകൃഷിയുടെ പ്രോത്സാഹനത്തിനും വ്യാപനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.2017-18 ൽ 1000 ലക്ഷം രൂപ വകകൊള്ളിച്ച് ജൈവകൃഷി പദ്ധതിയിൽ ചുവടെ വിശദീകരിക്കുന്ന ഘടകങ്ങളാണ് നടപ്പാക്കി വരുന്നത്.<br>1. <u>ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ -</u> കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ കൃഷി പ്രോത്സാഹന പ്രവർത്തനം നടത്തി വരുന്നു.<br><br>2. <u>ഇക്കോഷോപ്പുകൾ -</u> ജി.എ.പി വഴി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്.<br><br>3. <u>ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u> - ജി.എ.പി വഴി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പഴം- പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസ്സോസ്സിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് ധനസഹായം നൽകുന്നു.<br><br>4. <u>ജൈവ കാർഷിക മണ്ഡലം അവാർഡ്</u> - ജൈവകൃഷിയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവർക്ക് നിയോജക മണ്ഡലാ |

| | | |
|---|---|---|
| | | ടിസ്ഥാനത്തിലും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിലും അവാർഡുകൾ നൽകുന്നു.<br><br>5. <u>കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ -</u> കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ പി.ജി.എസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു.<br><br>6. <u>കുട്ടനാട് ജി.എ.പി പദ്ധതി -</u> കുട്ടനാട്ടിലെ സുസ്ഥിര കൃഷി ഉറപ്പാക്കുന്നതിനും കുട്ടനാട്ടിനെ പ്രത്യേക കാർഷിക മേഖലയായി വ്യാപിപ്പിക്കുന്നതിനുമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്ത് ജൈവ നെൽകൃഷി പദ്ധതി നടപ്പിലാക്കുന്നു. |
| ബി) | ജൈവ വളം വിതരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നു വിശദമാക്കാമോ; | ബി) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ 2016-17 ൽ വി. എഫ്. പി. സികെ മുഖേന ജൈവ വളം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി എറണാകുളത്ത് പ്രവർത്തിക്കുന്ന കൃഷി ബിസിനസ്സ് കേന്ദ്രക്ക് 72 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>മുൻസ്സിപ്പൽ വേസ്റ്റിൽ നിന്നും സിറ്റി കംമ്പോസ്റ്റ് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ മെട്രിക് ടണ്ണിന് 1500 രൂപ ധനസഹായം നൽകുന്നുണ്ട്. എഫ്. എ. സി. ടി, മദ്രാസ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്നീ കമ്പനികൾ ഈ പദ്ധതിയിൻ കീഴിൽ സിറ്റി കംമ്പോസ്റ്റ് വിതരണം ചെയ്യുന്നുണ്ട്.<br><br>കേരളത്തിൽ ഒരു വർഷം ശരാശരി 1800 മെട്രിക് ടൺ വിതരണം ചെയ്യപ്പെടുന്നുണ്ട്. കേരളത്തിൽ 68 സ്ഥാപനങ്ങൾക്ക് ജൈവവളം ഉല്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ് കൃഷി വകുപ്പിൽ നിന്നും നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ജൈവളത്തിന്റെ ഗുണ നിലവാരം പരിശോധിക്കാൻ സംവിധാനമുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | സി) | കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏഴിനം ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചുമതല കൃഷി വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക്ക് ഫാമിങ്ങ് എന്ന സ്ഥാപനത്തെയാണ് ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിച്ച് വരുന്നത്. ഇക്കാരണത്താൽ ജൈവ വളങ്ങളുടെ പരിമിതമായ സാമ്പിളുകൾ മാത്രമാണ് ഓരോ വർഷവും പരിശോധന നടത്തിയിരുന്നത്. അംഗീകൃത ജൈവ വളങ്ങളുടെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുവാനായി സംസ്ഥാന കൃഷി വകുപ്പ് പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പുതുതായി സ്ഥാപിക്കുന്ന ജൈവജീവാണുവള ഗുണനിലവാര പരിശോധനാശാലയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്. |

Manoj

**സെക്ഷൻ ഓഫീസർ**